**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3153** **07-10-2025 - ൽ മറുപടിയ്ക്ക്**

**കാട്ടാക്കട മണ്ഡലത്തിലെ ജലജീവൻ മിഷന്റെ പ്രവത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. ബി. സതീഷ്** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | കാട്ടാക്കട മണ്ഡലത്തിലെ ജൽജീവൻ മിഷൻ പ്രവൃത്തികളുടെ ഭാഗമായുള്ള റോഡ് കട്ടിംഗിന്റെ റീസ്റ്റോറേഷൻ പ്രവൃത്തികൾ പൂർത്തിയാക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) | ജൽ ജീവൻ മിഷൻ പ്രവൃത്തികൾക്കായി കുഴികൾ എടുക്കുമ്പോൾ പൈപ്പ് ലൈൻ സ്ഥാപിച്ച ഉടൻ തന്നെ റോഡുകളുടെ താൽക്കാലിക പുനരുദ്ധാരണവും പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രവൃത്തികളിൽ ഉൾപ്പെട്ടിട്ടുള്ള പുനരുദ്ധാരണവും നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.<br>കാട്ടാക്കട മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പ്രവൃത്തികളുടെ ഭാഗമായി റോഡ് കട്ടിംഗ് ആവശ്യമായി വരുന്ന പി.ഡബ്ല്യു.ഡി റോഡുകളിൽ അനുമതിയ്ക്കായി റീസ്റ്റോറേഷൻ തുക പി.ഡബ്ല്യു.ഡി യിൽ അടവാക്കുകയും ടി റോഡുകൾ പി.ഡബ്ല്യു.ഡി തന്നെ റീസ്റ്റോർ ചെയ്ത് നൽകുന്നതുമാണ്. ഫണ്ടിന്റെ അഭാവം പദ്ധതിയുടെ ഭാഗമായുള്ള പ്രവൃത്തികളുടെ പുരോഗതിയെ നിലവിൽ ബാധിച്ചിട്ടുണ്ട്. |
| (ബി) | കാട്ടാക്കട-ബാലരാമപുരം റോഡിന്റെ റീസ്റ്റോറേഷൻ പ്രവൃത്തികളുടെ നിർവ്വഹണ ചുമതല ആർക്കാണെന്നും റീസ്റ്റോറേഷൻ പ്രവൃത്തികൾക്കായി സ്വീകരിച്ച നടപടി എന്താണെന്നും പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തിയാക്കാനാകുമെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | കാട്ടാക്കട-ബാലരാമപുരം റോഡ് 3 സ്ട്രെച്ചായിട്ടാണ് പൈപ്പ് ലൈൻ പ്രവർത്തനങ്ങൾ ചെയ്യുന്നത്.<br>1. ബാലരാമപുരം ഊരൂട്ടമ്പലം റോഡിന്റെ റീസ്റ്റോറേഷൻ തുക പി.ഡബ്ല്യു.ഡി യ്ക്ക് അടവാക്കി പൈപ്പ് ലൈൻ പ്രവൃത്തിയും, റീസ്റ്റോറേഷൻ പ്രവർത്തനങ്ങളും പൂർത്തീകരിച്ചിട്ടുള്ളതാണ്.<br>2. ഊരൂട്ടമ്പലം തുങ്ങാംപാറ റോഡിലെ ജൽ ജീവൻ മിഷൻ പ്രവൃത്തികളുടെ ഭാഗമായുള്ള പുനഃസ്ഥാപനം കേരള വാട്ടർ അതോറിറ്റി നിർവ്വഹിക്കുന്നതാണ്. എന്നാൽ റോഡ് കട്ടിംഗ് പെർമിഷൻ കിട്ടുന്നതിനുള്ള കാലതാമസം കാരണം റീസ്റ്റോറേഷൻ പ്രവൃത്തി ക്രമീകരിച്ചിരുന്ന കോൺട്രാക്ടറുടെ എഗ്രിമെന്റ് കാലാവധി കഴിഞ്ഞതിനാൽ, പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിൽ നിന്ന് കോൺട്രാക്ടർ പിൻമാറുകയും ബഹു.കോടതി ഉത്തരവു പ്രകാരം കരാർ |

| | | | | |
|---|---|---|---|---|
| | | | | അവസാനിപ്പിക്കുകയും ചെയ്തിരിക്കുന്നു. പുതിയ പ്രവൃത്തി ടെണ്ടർ ചെയ്ത് പ്രവൃത്തി ക്രമീകരിക്കുന്ന മുറയ്ക്ക് റീസ്റ്റോറേഷൻ പ്രവൃത്തി പൂർത്തികരിക്കാവുന്നതാണ്.<br>3. ഇുങ്ങാംപാറ- കാട്ടാക്കട റോഡിൽ ജൽ ജീവൻ മിഷൻ പ്രവൃത്തികളുടെ ഭാഗമായുള്ള പൈപ്പ് ലൈൻ പ്രവൃത്തികൾ നടന്നു വരികയാണ്. ടി പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് കേരള വാട്ടർ അതോറിറ്റി റീസ്റ്റോറേഷൻ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ